# *അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കൽ*

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )

**അവലംബ ഗ്രന്ഥം:** **فتح رب ال ية بنلخيص ا موية**

**വിവർത്തനം:** *ഹംസ ജമാലി*

അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നതിന്റെ തുടക്കം താബിഉകളുടെ അവസാന കാലഘട്ടങ്ങളിൽ ഉത്ഭവിച്ചിരുന്നുവെങ്കിലും അത്തരം വാദഗതികൾ പ്രചരിക്കാനാരംഭിച്ചത് ഉത്തമ നൂറ്റാണ്ടുകാരായ സ്വഹാബത്തിന്റെയും അവരെ പിന്തുടർന്ന താബിഉകളുടെയും അവർക്കുശേഷമുള്ള താബിഉത്താബിഉകളുടെയും ശേഷമായിരുന്നു.

ആദ്യമായി ഇത് പറഞ്ഞത് ജഅ്ദുബ്നു ദിർഹമായിരുന്നു:

إن الله لم يتخذ إبراهيم خليلاً، ولم يكلم موسى تكليماً

''അല്ലാഹു ഇബ്റാഹീമിനെ സുഹൃത്തായി സ്വീകരിക്കുകയുണ്ടായിട്ടില്ല. മൂസായോട് അല്ലാഹു നേരിട്ട് സംസാരിച്ചിട്ടുമില്ല''

ഇതു പറഞ്ഞതിന്റെ പേരിൽ ഹിശാമുബ്നു അബ്ദിൽ മലികിന്റെ ഭരണകാലത്ത് ഇറാഖിലെ ഗവർണറായിരുന്ന ഖാലിദുബ്നു അബ്ദില്ലാ അൽ ഖസ്രീ ഇയാളെ വധിക്കുകയുണ്ടായി. ഇയാളെ അദ്ദേഹം ഈദ്ഗാഹിലേക്ക് കൂട്ടിക്കൊണ്ടുവരികയും പിന്നീട് പെരുന്നാൾ ഖുത്വുബയ്ക്ക് ശേഷം അദ്ദേഹം പറഞ്ഞു:

أيها الناس ضحوا تقبل الله ضحاياكم، فإني مضحٍ بالجعد بن درهم، إنه زعم أن الله لم يتخذ إبراهيم خليلاً ولم يكلم موسى تكليماً

''ഹേ, ജനങ്ങളെ നിങ്ങൾ ബലിയറുക്കുക. അല്ലാഹു നിങ്ങളുടെ ബലി സ്വീകരിക്കട്ടെ. ഞാൻ ജഅദുബ്നു ദിർഹമിനെ ബലിയറുക്കുകയാണ്. കാരണം അവൻ 'അല്ലാഹു ഇബ്റാഹീമിനെ സുഹൃത്തായി സ്വീകരിക്കുകയുണ്ടായിട്ടില്ലെന്നും, മൂസായോട് അല്ലാഹു നേരിട്ട് സംസാരിച്ചിട്ടുമില്ലെന്നും വാദിക്കുന്നു. ജഅദ് പറയുന്നതിൽ നിന്നും അല്ലാഹു ഉന്നതനും മഹാനമാകുന്നു!'' പിന്നീട് അദ്ദേഹം അവിടുന്നിറങ്ങി അയാളെ അറുകൊല ചെയ്യുകയുണ്ടായി. (ശറഹുത്ത്വഹാവിയ്യ: 3/297) ഇത് ഹിജ്റ 119ൽ ബലിപെരുന്നാളിനായിരുന്നു.

ഇത് ഇമാം ഇബ്നുൽഖയ്യിം ( رَحِمَهُ اللهُ ) തന്റെ 'النونية'ൽ ആദ്യ ഭാഗത്തു തന്നെ എടുത്തുപറഞ്ഞിരിക്കുന്നു:

ولأجل ذا ضحى بجعدٍ خالدُ الـ قسريُّ يومَ ذبائح القُربانِ، إذ قال: إبراهيمُ ليس خليلَه، كلا ولا موسى الكليمَ الداني، شَكَرَ الضحية كلُّ صاحب سنةٍ، لله درُّكَ مِن أخي قُربانِ

''ഇക്കാരണത്താലാണ് ഖസ്രി ബലി ദിനത്തിൽ ജഅദിനെ അറുക്കുകയുണ്ടായത്. ഇബ്റാഹീം അല്ലാഹുവിന്റെ സുഹൃത്തല്ലെന്നും മൂസാ അല്ലാഹുവുമായി സംസാരിച്ചിട്ടില്ലെന്നും ജഅദ് പറഞ്ഞതിനാലായിരുന്നു അത്. അഹ്ലുസ്സുന്നത്തിന്റെ ആളുകൾ ജഅദിനെ ബലിയറുത്ത് അല്ലാഹുവിന് നന്ദിപ്രകടിപ്പിക്കുകയുണ്ടായി.''

ജഅദിനുശേഷം ജഹ്മിയാക്കുടെ നേതാവായ ജഹ്മുബ്നു സ്വഫ്വാൻ ഇക്കാര്യം ഏറ്റെടുത്തു പ്രചരിപ്പിക്കാൻ തുടങ്ങി. അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നവരായ ജഹ്മിയാക്കൾ ഇയാളെ പിന്തുടർന്നവരാകുന്നു. ഖുറാസാനിലെ ഗവർണറുടെ പട്ടാളക്കാരനായ സാലിമുബ്നു അഹ്വസ് ഇയാളെ കൊല ചെയ്യുകയുണ്ടായി. ഇത് ഹിജ്റ 128ലായിരുന്നു.

പിന്നീട് ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ഗ്രീക്ക് റോമൻ പുസ്തകങ്ങൾ അറബിയിലേക്ക് ഭാഷാന്തരപ്പെടുത്തിയതു നിമിത്തം കാര്യം കൂടുതൽ ശക്തവും പരീക്ഷണാത്മകവുമയി.

അതിനുശേഷം മൂന്നാം നൂറ്റാണ്ടിലായി ബിശ്റുബ്നു ഗിയാഥിൽ മിരീസിയുടെയും കൂട്ടരുടെയും കാരണത്താൽ ജഹ്മിയാക്കളുടെ വിശ്വാസം വീണ്ടും പ്രചരിപ്പിക്കപ്പെടുകയുണ്ടായി. ഇമാമുകളൊന്നടങ്കം ഇവരെ ആക്ഷേപിക്കുകയും അവരിലധികപേരും ഇവർ കാഫിറുകളോ പിഴച്ചവരോ ആണെന്ന് പറയുകയും ചെയ്യുന്നു. മാത്രമല്ല ഉസ്മാനുബ്നു സഈദുദ്ദാരിമി മിരീസിയുടെ നൂതനവാദത്തിന് മറുപടിയായി ''അല്ലാഹുവിന്റെ തൗഹീദിൽ കള്ളം കെട്ടിച്ചമച്ച് തെറ്റിപ്പോയ കാഫിറിന് ഉസ്മാനുബ്നു സുഈദുദ്ദാരിമിയുടെ ഖണ്ഡനം''[1] എന്ന് ഒരു ഗ്രന്ഥം തന്നെ രചിക്കുകയുണ്ടായി. ഈ ഗ്രന്ഥം അവതാനതയോടെ വായിക്കുന്നവർക്ക് അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നവരുടെ തെളിവുകളുടെ ദൗർബല്യവും നിരർത്ഥകതയും വ്യക്തമാകുന്നതാണ്. പിൽക്കാലത്ത് വന്ന റാസി, ഗസ്സാലി, ഇബ്നുഅഖീൽ തുടങ്ങിയവരുടെ ഗ്രന്ഥങ്ങളിൽ ബിശ്റിന്റെ ഇതുപോലുള്ള ധാരാളം വ്യാഖ്യാനങ്ങൾ കാണാവുന്നതാണ്.

എന്നാൽ ജൂതന്മാരും, ബഹുദൈവവിശ്വാസികളും, സാബീമതക്കാരും, തത്വചിന്തകരുമായിരുന്നു അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്ന ഇത്തരം ആശയങ്ങൾ സൂക്ഷിച്ചുകൊണ്ടു നടന്നിരുന്നത്.

ജഅദുബ്നു ദിർഹം ഈ വിശ്വാസം സ്വീകരിച്ചത് അബ്വാനുബ്നു സംആനിൽ നിന്നായിരുന്നു. അയാൾ ത്വാലൂത്തിൽ നിന്നും അയാൾ നബി(ﷺ)ക്ക് മാരണം ചെയ്ത ജൂതനായ ലബീദുബ്നു അഅ്സ്വിമിൽ നിന്നുമായിരുന്നുവെന്ന് പറയപ്പെടുന്നു.

സാബീമതക്കാരും, തത്വചിന്തകരും ധാരാളമുള്ള ഹർറാൻ എന്ന പ്രദേശക്കാരനായിരുന്നു ജഅദ്. ഓരോ പ്രദേശത്തു താമസിക്കുന്ന ആളുകൾക്കും അവരുടെ സ്വഭാവത്തിലും വിശ്വാസത്തിലും ശക്തമായ തദ്ദേശീയരുടെ സ്വാധീനമുണ്ടാകുമെന്നതിൽ സംശയമില്ല. ഇവരിൽ അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നവരുടെ വിശ്വാസം അല്ലാഹുവിന്ന് صفاتٌ ثبوتيةٌ (സ്ഥാപിത വിശേഷണങ്ങൾ) ഇല്ല എന്നാകുന്നു. കാരണം അവരുടെ വിശ്വാസപ്രകാരം അല്ലാഹുവിന് സിഫത്തുകളുണ്ടെന്ന് സ്ഥിരീകരിക്കുന്നതുമുഖേന അവൻ സൃഷ്ടികളോട് സാദൃശ്യമുള്ളവനാകുമെന്നാണ്. ഇക്കൂട്ടർ അല്ലാഹുവിന് صفاتٍ سلبيةً (നിഷേധാത്മകമായ വിശേഷണങ്ങൾ) അല്ലെങ്കിൽ صفاتٍ إضافيةً (ചേർത്തിപ്പറയുന്നതായ വിശേഷണങ്ങൾ) യെയോ, അതുമല്ലെങ്കിൽ مركبةً منهما (ഇവ രണ്ടും കൂടിച്ചേർന്ന) സിഫത്തുകളെയോ മാത്രമെ സ്ഥിരീകരിക്കുകയുള്ളൂ.

سلبيةً (നിഷേധാത്മകമായത്): എന്നാൽ അല്ലാഹുവിന് അനുയോജ്യമല്ലാത്ത കാര്യം നിഷേധിക്കുന്നതിനെക്കുറിക്കുന്നതാണ്. ഉദാഹരണത്തിന് അവർ പറയുന്നതുപോലെ إن الله واحد (അല്ലാഹു ഒരുവനാകുന്നു) എന്നത് അല്ലാഹു എത്ര എണ്ണമുണ്ടെന്ന് വിഭജിക്കുന്നതിനെ നിഷേധിക്കുന്നു. അല്ലെങ്കിൽ പങ്കാളികളുണ്ടാകുക എന്നതിൽ നിന്നും ഒഴിവാണ് എന്ന് സാരം.

[1] نقضُ عثمانَ بنِ سعيد، على الكافرِ العنيد، فيما افترى على الله من التوحيد

إضافية (ചേർത്തിപ്പറയുന്നവ): അല്ലാഹുവിന് സ്ഥിരീകരിക്കപ്പെട്ട ഒരു വിശേഷണമെന്ന നിലക്ക് ഇത് പറയപ്പെടുകയില്ല. എന്നാൽ ആ വിശേഷണം മറ്റൊന്നിലേക്ക് ചേർത്തു പറയപ്പെടുമ്പോൾ ആ വിശേഷണമുണ്ടെന്ന് വരുന്നു. അവർ അല്ലാഹുവിനെക്കുറിച്ച് إنه مبدأ وعلة (അവൻ തുടക്കക്കാരനും കാരണക്കാരനുമാണെന്ന്) പറയുന്നതുപോലെ. എല്ലാ വസ്തുക്കളും അവനിൽനിന്നുണ്ടായത് എന്നതിന്റെ അടിസ്ഥാനത്തിൽ അവനാണ് അവയുടെ തുടക്കക്കാരനും കാരണക്കാരനും. ആരംഭിക്കുക, കാരണമാകുക എന്ന വിശേഷണം അവന് സ്ഥിരീകരിക്കപ്പെട്ടതാണ് എന്ന നിലയിലല്ല.

مركبة (സംയോജ്യമായവ): ഒരു നിലക്ക് سلبية യും മറ്റൊരു നിലക്ക് إضافية യും ആകാവുന്നത്. അവർ അല്ലാഹുവിനെക്കുറിച്ച് إنه أوّلٌ (അവൻ ആദിയാകുന്നു) എന്ന് പറയുന്നതു പോലെ. വല്ലതും പുതുതായുണ്ടാകുന്നത് അല്ലാഹുവിനെ തൊട്ട്  നിഷേധിക്കുന്നു എന്നതിനാൽ അത് صفتٍ سلبيةً (നിഷേധാത്മകമായ വിശേഷണം) ആകുന്നു. എന്നാൽ എല്ലാ സൃഷ്ടികളും അവനുശേഷമാണ് എന്നർത്ഥത്തിൽ അത് صفتٍ إضافية (ചേർത്തിപ്പറയുന്നതായ വിശേഷണം) യുമാകുന്നു.

അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നവർ ഇത്തരം വിശ്വാസങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെങ്കിൽ ഒരു വിശ്വാസിയുടെയോ അല്ലെങ്കിൽ ബുദ്ധിയുള്ളവരുടെയോ മനസ്സ് ഇതെങ്ങിനെ സ്വീകരിക്കാൻ തയ്യാറാകും? അല്ലെങ്കിലും അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധന്മാർ, രക്തസാക്ഷികൾ, സച്ചരിതന്മാർ എന്നിവരുടെ മാർഗം ഉപേക്ഷിച്ച് ഇത്തരക്കാരുടെ ഈ നൂതന വിശ്വാസം സ്വീകരിക്കാമോ?